സഹകരണസംഘം രജിസ്ട്രാർ
ആഫീസ്, കേരള, തിരുവനന്തപുരം,
നം: സി.ബി(1)4706/2007 തീയതി : 09-02-2007

## സർക്കുലർ നം: 11/2007

വിഷയം:- സഹകരണം - സഹകരണ മേഖലയിൽ മുതിർന്ന പൗരൻമാർ നടത്തുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് അധിക നിരക്കിൽ പലിശ നൽകുന്നത് - സംബന്ധിച്ച്

സൂചന:-
1. രജിസ്ട്രാറുടെ 43/01, 7/04 എന്നീ നമ്പർ സർക്കുലറുകൾ.
2. ബഹു: സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16-1-2007-ന് കൂടിയ നിക്ഷേപ സമാഹരണ യജ്ഞം സംബന്ധിച്ച് യോഗ തീരുമാനങ്ങളും 22-1-2007-ൽ കൂടിയ സഹകരണ മേഖലയിലെ നിക്ഷേപ വായ്പാ പലിശ നിരക്കുകൾ പുനർനിർണ്ണയം ചെയ്യുന്നതിനുള്ള സബ്കമ്മറ്റിയുടെ തീരുമാനങ്ങളും.
3. 31-1-2007-ൽ ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനങ്ങൾ.
4. സഹകരണസംഘം രജിസ്ട്രാറുടെ 10/07 നമ്പർ സർക്കുലർ.

*****

സംസ്ഥാനത്തെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിനു കീഴിൽ വരാത്ത സഹകരണസംഘം/ബാങ്കുകൾ എന്നിവകളിൽ മുതിർന്ന പൗരൻമാർ നടത്തുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് അര ശതമാനം അധിക പലിശ നൽകുന്നതിന് ബാങ്കുകളെ അനുവദിച്ച് ഈ ആഫീസിൽ നിന്നും 43/01 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം നിക്ഷേപം നടത്തുന്നതിനുള്ള പ്രായം 60 വയസ്സിനു മുകളിൽ ആയിരിക്കുമെന്ന് 7/04 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നാൽ സൂചനയിലെ യോഗതീരുമാനങ്ങളിൽ ഈ പലിശനിരക്ക് ഭേദഗതി വരുത്തണമെന്ന് തീരുമാനിക്കുകയുണ്ടായി. ആയതിൻെറ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയിൽ നിക്ഷേപം നടത്തുന്ന 60 വയസ്സിനു മുകളിലുള്ള മുതിർന്ന പൗരൻമാരുടെ സ്ഥിര

നിക്ഷേപങ്ങൾക്ക് നിലവിൽ അര ശതമാനം പലിശ എന്നത് അര ശതമാനത്തിനും ഒരു ശതമാനത്തിനും ഇടയിൽ, അതാതു സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ തീരുമാനത്തിന് വിധേയമായി നൽകാവുന്നതാണ്. എന്നാൽ ഒരു വർഷത്തിന് മുകളിൽ നിക്ഷേപം നടത്തുന്ന മുതിർന്ന പൗരൻമാരുടെ നിക്ഷേപങ്ങൾക്ക് അധിക പലിശ ഉൾപ്പെടെ 9% മിനിമം പലിശ നൽകേണ്ടതാണ്. ഈ സർക്കുലറിന് 5-2-2007 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-
വി.രഘുനാഥ്,
സഹകരണസംഘം രജിസ്ട്രാർ(ഇൻ ചാർജ്ജ്)

പകർപ്പ്:-

1. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
3. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
4. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
5. എല്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
6. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും(ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
7. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും(ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
8. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
10. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
11. സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരണം //

സഹകരണസംഘം രജിസ്ട്രാർക്ക് വേണ്ടി